# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

# കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 71/2020 (ചൊവ്വാഴ്ച)** **തീയ്യതി:24.11.2020**

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 25.11.2020 | 26.11.2020 | 27.11.2020 | 28.11.2020 | 29.11.2020 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (ºC) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (ºC) | 22 | 22 | 22 | 22 | 22 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 55 | 55 | 55 | 55 | 55 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 2 | 1 | 4 | 3 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 320 | 270 | 230 | 270 | 140 |
| മേഘവ്യാപ്തി (ഒക്ട) | 2 | 3 | 3 | 3 | 3 |

ജില്ലയിൽ വരും ദിവസങ്ങളിൽ താരതമ്യേന വരണ്ട കാലാവസ്ഥ പ്രതീക്ഷിക്കുന്നു. കൂടിയ താപനില 32 ºC വരെയും കുറഞ്ഞ താപനില 22 ºC വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി തെങ്ങിന്റെ ചുവട്ടിൽ നിന്നു മൂന്നു മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാല് കീറിയോ, ഓരോ തെങ്ങിന്റെ കടക്കു ചുറ്റും തടിയിൽ നിന്നും രണ്ടു മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരികൾ നിരത്തിയ ശേഷം

### കാർഷിക നിർദ്ദേശങ്ങൾ

| വിള | രോഗ കീടങ്ങൾ/ വിളപരിപാലനം | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| മുളക് | വെള്ളീച്ച | മുളകിൽ വെള്ളീച്ചകളുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2 % വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| വാഴ | പിണ്ടിപ്പുഴു | പിണ്ടിപ്പുഴുവിന്റെ ആക്രമണം തടയുന്നതിനായി 4 മുതൽ 5 മാസം പ്രായമായ വാഴകളിൽ ഉണങ്ങിയ ഇലകൾ നീക്കം ചെയ്തതിനു ശേഷം 5% നന്മ, 50 ml ഒരു ലിറ്റർ എന്ന തോതിൽ ഇലകളിലും പിണ്ടിയിലും മുഴുവനായി തളിച്ചു കൊടുക്കാവുന്നതാണ്. വണ്ടുകളുടെ ആക്രമണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടെങ്കിൽ, മേന്മ 5 ml വീതം പിണ്ടിയിൽ ആക്രമണം നടത്തിയതിനു ചുറ്റുമായി മൂന്നു ഭാഗങ്ങളിൽ കുത്തി വക്കുക. |
| തക്കാളി | വിണ്ടുകീറൽ | അന്തരീക്ഷത്തിലെ ചൂട് കൂടി നിൽക്കുന്ന സാഹചര്യമായതിനാൽ തക്കാളിയിൽ വിണ്ടുകീറൽ ഉണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ, നേരിട്ടുള്ള സൂര്യാഘാതം ഏൽക്കാതെ തണൽ നൽകി വിളകളെ സംരക്ഷിക്കേണ്ടതാണ്. |
| പച്ചക്കറികൾ | ചൂർണപ്പൂപ്പ് | പച്ചക്കറികളിൽ ഉണ്ടാക്കാൻ സാധ്യതയുള്ള ചൂർണ്ണപൂപ്പു തടയുന്നതിനായി സൾഫർ 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. വെള്ളരിവർഗ്ഗ വിളകളിൽ ചൂടുള്ള സമയത്ത് സൾഫർ തളിക്കുന്നത് വിളകളിൽ പൊള്ളലുണ്ടാക്കാൻ ഇടയാക്കുന്നതിനാൽ അത്തരം വിളകൾക്ക് വൈകുന്നേരങ്ങളിൽ മാത്രം സൾഫർ തളിച്ചുകൊടുക്കാൻ ശ്രദ്ധിക്കുക. |